(ബി) വേനൽക്കാലത്തുണ്ടാകുന്ന വർദ്ധിച്ച ഉപഭോഗം കണക്കിലെടുത്ത് സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളിൽ പരമാവധി കരുതൽ ശേഖരം ഉണ്ടാക്കുകയും അതുവഴി വേനൽക്കാലത്ത് കൂടുതൽ ഉത്പാദനം നടത്തുകയും ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി വില കൂടിയ താപവൈദ്യുതി വാങ്ങുന്നതിൽ കുറവു വരുത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ മധ്യകാല/ദീർഘകാല കരാറുകൾവഴി വൈദ്യുതി വാങ്ങാനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ പ്രസരണ ഇടനാഴിയുടെ ലഭ്യതക്കുറവ് മുൻകൂട്ടിക്കണ്ട് ദക്ഷിണ മേഖലയിൽനിന്നു മാത്രം ഹ്രസ്വകാലാടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ജലവൈദ്യുത നിലയങ്ങളിൽനിന്നും ഉത്പാദിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന വൈദ്യുതി കൂടാതെ കേന്ദ്രപൂളിൽനിന്ന് പരമാവധി വൈദ്യുതി ലഭ്യമാക്കിയും വൈദ്യുതി വ്യാപാരികളിൽനിന്നും ഉൽപ്പാദകരിൽനിന്നും കരാറിലേർപ്പെട്ടിട്ടുള്ള മുഴുവൻ വൈദ്യുതിയും ലഭ്യമാക്കിയും കൂടാതെ അധികമായി വേണ്ടി വരുന്ന വൈദ്യുതി കേരളത്തിലെ ദ്രവ ഇന്ധന നിലയങ്ങളിൽനിന്നും ഉൽപ്പാദിപ്പിച്ചും വരുന്ന വേനൽക്കാലത്ത് പരമാവധി ലോഡ് ഷെഡ്ഡിംഗും പവർകട്ടും ഒഴിവാക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പെരിങ്ങൽക്കുത്ത് ജലവൈദ്യുത പദ്ധതി

53 (399) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പെരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതിയുടെ ഭാഗമായി അധിക വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ചാലക്കുടിപ്പുഴയിലെ നീരൊഴുക്ക് ജലസേചനത്തിന് ഉപയുക്തമായ രീതിയിൽ, വൈദ്യുതി ഉൽപ്പാദനം ക്രമീകരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 24MW അധിക വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് പെരിങ്ങൽക്കുത്ത് ചെറുകിട ജലവൈദ്യുത പദ്ധതി ആവിഷ്കരിച്ച് നിർമ്മാണം നടന്നുവരുന്നു. നിലവിലുള്ള പെരിങ്ങൽക്കുത്ത് റിസർവോയറിൽനിന്നും പുതുതായി നിർമ്മിക്കുന്ന tണൽ വഴി വെള്ളം പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന പവർഹൗസിൽ എത്തിച്ച് 24MW വൈദ്യുതി (45.02 ദശലക്ഷം യൂണിറ്റ്) അധികമായി ഉല്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതി 2017 മാർച്ചിൽ പൂർത്തീകരിക്കത്തക്കവിധം നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ പഴയ പവർ ഹൗസിന്റെ നവീകരണം പൂർത്തീകരിക്കുമ്പോൾ നാല് മെഗാവാട്ട് അധികമായി ലഭിക്കും.

(ബി) വൈദ്യുതി ഉല്പാദനം ജലസേചനത്തിന് ഉപയുക്തമാകുന്ന രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly